PUBLICATION OF TEXT BOOKS

327. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു വില്പന നടത്തുന്നതിനു ഗവമ്മെണ്ടുണ്ടാക്കിയ പദ്ധതി പ്രായോഗികതയിലേക്ക വന്നിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്നു വരും;

(സി) ഇത്രവളരെ കാലതാമസത്തിനുള്ള കാരണമെന്തു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഇല്ല.

(ബി) കഴിയുന്നതും വേഗത്തിൽ വരും.

(സി) പ്രാരംഭവേലകൾ തീർന്നിട്ടില്ല.

മിസ്റ്റർ കെ. എ. രാഘവൻ: ഇതു ഫ ഫ ഫ-ലേക്കെങ്കിലും നടപ്പിൽ വരുത്തുവാൻ സാധിക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ അടുത്ത സ്കൂൾ വർഷത്തിനുമുമ്പു് അതു നടത്തണമെന്നാണു് ഗവമ്മെണ്ടിന്റെ പ്ലാൻ.

STRIKE IN THE PORT—CONCILIATION OF

328. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) ഫാർബർ പണിമുടക്കു് അവസാനിപ്പിക്കുവാൻ മാനേജ്മെൻറു സ്വീകരിച്ച മദ്ധ്യസ്ഥവ്യവസ്ഥകൾ അവർ ലംഘിക്കുന്നുണ്ടെന്നു ഗവർമ്മെണ്ടിനു് അറിവു കിട്ടിയിട്ടുണ്ടോ;

(ബി) തൊഴിലാളി യൂണിയനുകൾ അതിനെക്കുറിച്ചു് ആവലാതിപ്പെടുകയുണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഗവമ്മെണ്ടു് അതിനെക്കുറിച്ചു് എന്തു ചെയ്തു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) കിട്ടിയിട്ടില്ല.

(ബി) ഇല്ല.

(സി) ഉത്തരം ആവശ്യമില്ല.

RAMAVARMAPURAM PARTICULARS REGARDING—TRAINING INSTITUTE

329. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി നൽകുമോ.—

(എ) രാമവർമ്മപുരം ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂഷനിൽ ഫ ഫ ഫ— ഫ ൦ ഫ വിദ്യാഭ്യാസവർഷത്തിൽ എത്ര അദ്ധ്യാപക വിദ്യാർത്ഥികൾ പഠിച്ചു;

(ബി) അവരിൽ ഓരോരുത്തർക്കും എത്ര ടീച്ചിങ്ങ് പ്രാക്ടിക്കൽ ക്ലാസ്സ് നടത്തുവാൻ സാധിച്ചു;

(സി) ടീച്ചിങ്ങ് പ്രാക്ടിക്കൽ ക്ലാസ്സു നടത്തുന്ന മോഡൽ സ്കൂളിൽ എത്ര ക്ലാസ്സുകൾ ഉണ്ടു;

(ഡി) മേൽപറഞ്ഞ മോഡൽ സ്കൂളിൽ ഓരോ ക്ലാസ്സുകളിലും എത്ര വിദ്യാർത്ഥികൾ വീതം ഉണ്ടു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഫ൭൭.

(ബി) ഏഴേഴ ക്ലാസ്സുകൾ വീതം.

(സി) ഫർ.

(ഡി)

F. III —39	F. I b—24
F. II a—23	Cl. 4 a—13
F. II b—24	Cl. 4 b—18
F. I a—27	Cl. 3 a—31

LIBRARY ARCHIVES Kerala Legislative Assembly

Cl. 3 b—25	Cl. I c—23
Cl. I a—24	Cl. 2 a—27
Cl. I b—23	Cl. 2 b—24

മിസ്റ്റർ. എം. കെ. വർഗ്ഗീസ്സ്: "B"യുടെ ഉത്തരംകൊണ്ട് ഓരോ ക്ലാസ്സിലും ഒരോ പ്രാക്റ്റിക്കൽ ക്ലാസ്സ് നടത്തിയെന്നാണോ പറയുന്നത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ. എനിക്ക് ഇതിൽ കൂടുതലായി ഒന്നും പറയുവാൻ നിവൃത്തിയില്ല.

PERMITS FOR COCOANUT OIL

330. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) കൊച്ചിഗവൺമെണ്ടിന്നു് ആദായ നികുതിയും മറ്റു നികുതികളും കൊടുക്കുന്നവരും കൊച്ചി മഹാരാജാവു തിരുമനസ്സിലെ പ്രജകളുമായ കച്ചവടക്കാർ വെളിച്ചെണ്ണക്കു പെർമിറ്റിന്നു് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഒട്ടാകെ എത്രകണ്ടു വെളിച്ചെണ്ണ കയറ്റുമതി ചെയ്യുന്നതിന്നു പെർമിറ്റു കൊടുത്തിട്ടുണ്ടു്;

(സി) കൊടുത്തവരുടെ പേരും വിവരവും മേശപ്പുറത്തു വെക്കാമോ?

മിസ്റ്റർ പി: ഗോവിന്ദമേനോൻ:

(എ) വെളിച്ചെണ്ണ കയറ്റുമതിക്കുള്ള പെർമിറ്റുകൾ അപേക്ഷകന്മാരുടെ മുൻകൊല്ലങ്ങളിലെ (ഫർ്ർ–ഫർ്ന) വ്യാപാരത്തോതനുസരിച്ചാണ കൊടുത്തുവന്നിട്ടുള്ളതു്. അതുകൊണ്ടു് അപേക്ഷകന്മാർ ആദായനികുതിയൊ മറ്റു നികുതികളൊ കൊടുക്കുന്നവരാണോ എന്നു അന്വേഷിക്കുകയുണ്ടായിട്ടില്ല.

(ബി) ഉദ്ദേശം ൬,൫൯൦ കണ്ടി.

(സി) ലിസ്റ്റ് മേശപ്പുറത്തു വെച്ചിരിക്കുന്നു.

CASTE-WAR STATEMENT OF OFFICIALS DRAWING Rs. 100 AND ABOVE IN THE FOOD DEPARTMENT

331. Mrs. T. Francis *(Ernakulam-Women)*:

Will Government be pleased to place on the table a caste-war statement of the officials of Food Department drawing a monthly salary of Rs. 100 and above?

Mr. P.Govinda Menon *(Minister for Food and Education)*: Yes.

Nayars	..	6
Tamil Brahmin	..	1
Ezhuva	..	4
Other Hindu	..	3
Romo Syrian	..	6
Latin Christian	..	Nil
Other Xian	..	1
Total	..	21

SENIORITY LIST IN THE EDUCATION DEPARTMENT

332. ചൌധരി ജി. എസ്സ്. ധരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) കൊച്ചീരാജ്യത്തുള്ള അദ്ധ്യാപകന്മാരുടെ സീനിയോറിട്ടിയും സർവ്വീസും അനുസരിച്ചുള്ള ക്രമത്തിൽ ഒരു ലിസ്റ്റുണ്ടാക്കി അതു് അച്ചടിച്ചു മെമ്പർമാർക്കും മറ്റും വിതരണം ചെയ്യണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു ബോർഡ് ആഫ് എക്സാമിനേഴ്സ് വല്ല പ്രമേയവും പാസ്സാക്കി അയച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവൺമെണ്ടു് അതിന്മേൽ എന്തു നടപടി എടുത്തു?

LIBRARY ARCHIVES Kerala Legislative Assembly